**ഭരണഭാഷ മാതൃഭാഷ**

*നമ്പർ.സി5/5/2013/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.07/03/2013.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - യു.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ അറിയിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും റിട്ടയർമെന്റ്, സ്വയം വിരമിക്കൽ, മരണം, രാജി, തസ്തികമാറ്റം എന്നിവയിലൂടെ ഉണ്ടാകുന്ന യു.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ യഥാസമയം കൃത്യമായ വിവരങ്ങളോടു കൂടി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിക്കാത്തതിനാൽ നിലവിലുള്ള എൽ.ഡി. ക്ലാർക്കുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്നതിന് സാധിക്കുന്നില്ല. ***ആയതിനാൽ 2013 ജനുവരി മുതൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും അതാതു മാസങ്ങളിൽ തന്നെ ശേഖരിക്കുകയും, വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും റിട്ടയർമെന്റ് സംബന്ധിച്ച വിവരങ്ങൾ തൊട്ടടുത്ത മാസം 10-ാം തീയതിയ്ക്ക് മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.*** ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടിലും, ഒഴിവുകൾ സംബന്ധിച്ച രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കേണ്ട വിവരങ്ങൾ ചുവടെ നൽകുന്നു:

| ക്രമ നമ്പർ | യു.ഡി.സി. റാങ്ക് നമ്പരും വർഷവും | ജീവനക്കാരന്റെ പേര്, ഓഫീസ് വിലാസം | ജനന തീയതി | ഒഴിവ് പ്രാബല്യത്തിൽ വന്ന തീയതി | ഒഴിവുണ്ടായ കാരണം | യു.ഡി. ക്ലാർക്ക് ഉത്തരവ് നമ്പർ, തീയതി |
|---|---|---|---|---|---|---|

ഇപ്രകാരം തയ്യാറാക്കുന്ന ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യതയുള്ളതായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ***ഒഴിവുകൾ സംബന്ധിച്ച 2013 ജനുവരി മുതൽക്കുള്ള വിവരങ്ങൾ പീരിയോഡിക്കലായി എല്ലാ മാസവും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഒഴിവുകൾ ഉണ്ടാകാത്ത മാസങ്ങളിൽ ആ വിവരവും അറിയിക്കേണ്ടതാണ്. ഒഴിവു സംബന്ധിച്ച വിവരങ്ങൾ ഇ-മെയിൽ/ഫാക്സ് എന്നിവയിലൂടെ അറിയിക്കാവുന്നതാണ്.***

E-mail : csectiondpi@gmail.com
Fax : 0471-2324605
Phone : 0471-2580514

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

ജനുവരി, ഫെബ്രുവരി മാസങ്ങളിലെ റിപ്പോർട്ട് മാർച്ച് 20-ാം തീയതിക്ക് മുൻപ് നൽകേണ്ടതാണ്.